**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1561 3/10/2011-ൽ മറുപടിയ്ക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഫിഷ്ഫാമുകളുടെ പ്രവർത്തനം</u>

<u>ചോദ്യം</u>

ശ്രീ. എസ്. ശർമ്മ

<u>മറുപടി</u>

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ)<br>വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, മാലിപ്പുറം- എന്നിവിടങ്ങളിലെ ഫിഷ്ഫാമുകളുടെ പ്രവർത്തനം എന്തൊക്കെയെന്ന് വിശദീകരിക്കാമോ; ഇവയുടെ മേൽനോട്ടം ഏത് ഏജൻസിക്കാണ്; | (എ)<br>മത്സ്യകൃഷിയും അക്വാ ഫാം ടൂറിസവുമാണ് ഞാറയ്ക്കൽ മാലിപ്പുറം ഫാമുകളുടെ മുഖ്യ പ്രവർത്തനം. മത്സ്യഫെഡിൻെറ മേൽ നോട്ടത്തിലാണ് ഇത് നടപ്പാക്കുന്നത്. മത്സ്യ, ചെമ്മീൻ കുഞ്ഞുങ്ങളെ ഫാമിലെ കംപാർട്ടുമെന്റുകളിൽ നിക്ഷേപിച്ച് ശാസ്ത്രീയമായി വളർത്തി അതിൻെറ പൂർണ്ണ വളർച്ചയെത്തുന്ന ഘട്ടത്തിൽ വിൽപ്പന നടത്തുന്നു. കൂടാതെ ഫാം ടൂറിസത്തിൻെറ ഭാഗമായി വനിതാ സ്വയം സഹായ സംഘങ്ങൾ നടത്തുന്ന ഓരോ സീ ഫുഡ് റസ്റ്റോറന്റുകളും ഈ ഫാമുകളിൽ പ്രവർത്തിക്കുന്നുണ്ട്<br>കൂടാതെ CMFRI യുടെ കൈകവശമുണ്ടായിരുന്ന ഞാറയ്ക്കൽ ഫിഷ് ഫാം 2009.ൽ അഡാക്കിനു കൈമാറിയിരുന്നു. ഫാമിൽ നിലവിൽ ഉണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങൾ യാതൊന്നും തന്നെ ഉപയോഗമില്ലാതിരുന്ന സാഹചര്യത്തിൽ യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല |
| (ബി)<br>ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി)<br>മത്സ്യഫെഡ്, ആർ.കെ.വി.വൈ പ്രകാരം 101.40 ലക്ഷം രൂപ ചെലവഴിച്ച് ഫാമുകളുടെ ബണ്ടുകൾ ബലപ്പെടുത്തി കംപാർട്ടുമെന്റായി തിരിച്ച് ഫാമിംഗ്, ശാസ്ത്രീയ മത്സ്യ -ചെമ്മീൻ കൃഷിക്കായി ഉപയുക്തമാക്കുകയുണ്ടായി. ചെമ്മീൻ ഞണ്ട് ,പൂമീൻ, തിരുത തുടങ്ങിയ മത്സ്യ ഇനങ്ങൾ സ്റ്റോക്കു ചെയ്ത് ഉൽപ്പാദന വർദ്ധനവിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫാമുകളുടെ ചുറ്റുമുള്ള കനാലുകളുടെ ആഴം കൂട്ടുന്നതിനും |

| | |
|---|---|
| | പുതിയ തൂമ്പുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>അഡാക്കിനു കൈമാറിയ ഫാമിന്റെ പുനരുദ്ധാരണത്തിനായി 140 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കുകയും രാഷ്ട്രീയ വികാസ് യോജന പ്രകാരം 2011-12 വർഷം 128 ലക്ഷം രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി)<br>കഴിഞ്ഞ സാമ്പത്തിക വർഷം മത്സ്യവിൽപ്പനയിലൂടെ ഓരോ ഫാമിൽ നിന്നും എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇവിടെ വളർത്തുന്നത് ? | (സി)<br>മത്സ്യഫെഡിന് കഴിഞ്ഞ സാമ്പത്തിക വർഷം ഞാറയ്ക്കൽ ഫാമിൽ നിന്നും 9,30,475/- രൂപയും മാലിപ്പുറം ഫാമിൽ നിന്നും 10,42,019/- രൂപയുമാണ് മത്സ്യവിൽപ്പനയിലൂടെ ലഭിച്ചത്. കൊഞ്ച് ഞണ്ട് ,പൂമീൻ ,കരിമീൻ, തിലോപ്പിയ തുടങ്ങിയ മത്സ്യങ്ങളാണ് ഈ ഫാമുകളിൽ വളർത്തുന്നത്. |

സെക്ഷൻ ഓഫീസർ.